പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5658

02/07/2014-ൽ മറുപടിയ്ക്ക്

**<u>മലബാർ ദേവസ്വം ജീവനക്കാർക്ക് ശംബളം നൽകാൻ നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ. ദാസൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) മലബാർ ദേവസ്വത്തിനു കീഴിൽ വരുന്ന ആയിരത്തോളം സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 10 മാസമായി ശംബളം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) പ്രതിസന്ധിയുടെ കാരണം പരിശോധിച്ച് ക്ഷേത്ര ജീവനക്കാർക്ക് അടിയന്തിരമായി ശംബളം നൽകാനുള്ള നടപടി സ്വീകരിക്കുമോ; | എ) & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷേത്ര ജീവനക്കാരുടെ ശംബളക്കുടിശ്ശിക സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന്, ക്ഷേത്ര ജീവനക്കാർ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് രേഖാമൂലവും ഫോൺ മുഖേനയും, നേരിട്ടും പരാതി ബോധിപ്പിച്ച് പരിഹാരം തേടുന്നതിന് പത്രമാധ്യമങ്ങൾ വഴി അറിയിപ്പ് നൽകുകയുണ്ടായിട്ടുണ്ട്. ഇതേവരെ 100 ൽപ്പരം പരാതികൾ ഈ രീതിയിൽ ലഭിച്ചിട്ടുണ്ട്. 2014 ജൂൺ 30 വരെ പരാതി സമർപ്പിക്കുന്നതിന് സമയം അനുവദിച്ചിട്ടുണ്ട്. പരാതികൾക്ക് പ്രാധാന്യം നൽകി പരിഹരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് മാനേജ്മെൻറ് ഫണ്ടിൽ നിന്നും മുൻകൂർ ശംബള ധനസഹായം, ശംബള കുടിശ്ശിക എന്നിവ അനുവദിക്കുന്നതിനായി ക്ഷേത്ര ഭരണാധികാരികൾ ക്രമപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ചു വരുന്നുണ്ട്. ക്ഷേത്ര ഭരണാധികാരികൾ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത അപേക്ഷകളിൽ മാത്രമാണ് തുക അനുവദിയ്ക്കുവാൻ കാലതാമസം വരുന്നത്. രേഖകൾ ഹാജരാക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ